# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2077** **13.06.2019 - ൽ മറുപടിയ്ക്ക്**

## സർക്കാർ ജീവനക്കാർക്കായി പ്രത്യേക ഒ.പി. ക്യൂ സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം.ഉമ്മർ :** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾ 1960-ലെ ചട്ടം 11 പ്രകാരം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സർക്കാർ ജീവനക്കാർക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഏർപ്പെടുത്തിയിട്ടില്ല |
| (ബി) പ്രസ്തുത ചട്ടത്തിൽ നിഷ്കർഷിച്ച പ്രകാരം സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ, പരിമിത അവധി മാത്രമുള്ള ജീവനക്കാരനോ അയാളുടെ ആശ്രിതനോ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ ഒ.പി. വിഭാഗത്തിൽ മുൻഗണന ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ വരുന്ന രോഗികളുടെ ബാഹുല്യം കാരണം സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഒ.പി. വിഭാഗത്തിൽ മുൻഗണന നൽകുന്നത് നിലവിൽ പ്രായോഗികമല്ല. |
| (സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ അവിടുത്തെ ജീവനക്കാർക്ക് മാത്രം ഒ.പി. ടിക്കറ്റിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) യും (ഡി) യും | ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവുകളൊന്നും നിലവിലില്ല. |
| (ഡി) സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനം നിലവിൽ വന്ന സാഹചര്യത്തിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ജീവനക്കാർക്കായി പ്രത്യേക ഒ.പി. ക്യൂ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ആഫീസർ